എമ്മാവൂസ്
# വചനദൂത്

Volume- 11
Issue- 26
25 December 2016

പിറവിക്കാലം രണ്ടാം ഞായർ ലൂക്കാ 2: 21-35

# പുൽക്കൂട്ടിൽ സമ്പന്നത

ബ്ര. ആന്റോ കൊറ്റാടിക്കുന്നേൽ എംസിബിഎസ്

റോമൻ വർഷം ആരംഭിച്ചപ്പോൾ ആദ്യമാസത്തിനു ജാനൂസ് എന്ന ദേവന്റെ പേരു നൽകി. അങ്ങനെ ജനുവരി ഉണ്ടായി. ആ പേര് നൽകാൻ കാരണം ഒരു പുതുവർഷം തുറക്കപ്പെടുന്നു എന്നുള്ളതു കൊണ്ടാണ്. ജാനൂസിന് രണ്ട് മുഖങ്ങൾ ഉള്ളതായി റോമാക്കാർ സങ്കൽപ്പച്ചിരുന്നു. ഒന്ന് മുന്നിലേക്കും മറ്റതു പിന്നിലേക്കും തിരിഞ്ഞിരിക്കുന്നു. ഒരു അർത്ഥപൂർണ്ണമായ സങ്കൽപ്പമാണ്. കഴിഞ്ഞുപോയ വർഷത്തെ ശരിയായി അവലോകനം ചെയ്യാനും നവവൽസരത്തെ തികഞ്ഞ ആത്മവിശ്വാസത്തോടെ സമീപിക്കാനും കഴിയട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഏവർക്കും പുതുവത്സരത്തിന്റെ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.

പിറവിക്കാലത്തിന്റെ രണ്ടാം ഞായറാഴ്ച നാം വിചിന്തന വിഷയമാക്കുക വി. മത്തായിയുടെ സുവിശേഷം ഒന്നാം അധ്യായം 18മുതൽ 25 വരെയുള്ള വാക്യങ്ങളാണ്. 18-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു. ''അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കുകയും അവർ സഹവസിക്കുന്നതിനു മുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു.'' മറിയത്തിന്റെ ഗർഭധാരണം ദൈവത്തിന്റെ പ്രത്യേക ഇടപെടലിലൂടെ സംഭവിച്ചതാണെന്ന് വ്യക്തമാക്കുകയാണ് സുവിശേഷകൻ. ''അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ ക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം'' (മത്താ1:1) എന്ന് പറഞ്ഞ് സുവിശേഷഗ്രന്ഥം ആരംഭിക്കുന്ന മത്തായി ആവർത്തിച്ച് ഉപയോഗിക്കുന്ന ഒരു ഫോർമുലയുമാണ്, ''അബ്രാഹം ഇസഹാക്കിന്റെ പിതാവായിരുന്നു. ഇസഹാക്ക് യാക്കോബിന്റെ പിതാവായിരുന്നു. ''യാക്കോബ് ജോസഫിന്റെ പിതാവായിരുന്നു.'' എന്നതിനുശേഷം ''ജോസഫ്



മറിയത്തിന്റെ ഭർത്താവായിരുന്നു'' എന്ന് എഴുതിയിരിക്കുന്നു. മത്തായി ശ്ലീഹാ. അവസാനം ഇപ്രകാരം ഒരു ക്രമഭംഗം വരുത്തിയത് യൗസേപ്പിതാവ് യേശുവിന്റെ ശാരീരിക പിതാവല്ല മറിച്ച്, യൗസേപ്പിതാവ് ഈശോയെ നിയമത്തിന് മുമ്പിൽ ദത്തെടുക്കുന്നതു വഴിയാണ് ഈശോയുടെ പിതാവാകുന്നത് എന്ന് കാണിക്കാൻ വേണ്ടിയാണ്. ഇതിലൂടെ നാം തിരിച്ചറിയുക ഈശോയുടെ ജനനത്തിന്റെ അതിസാധാരണത്വമാണ്. മനുഷ്യന്റെ ഇച്ഛയിൽ നിന്നല്ല, മറിച്ച് ദൈവശക്തിയുടെ ഫലമായാണ് ഈശോ ജനിക്കുക.

ഈശോയുടെ ജനനം ദൈവീക ശക്തിയുടെ ഫലമായതുകൊണ്ട് യേശുവിനെ അനുഗമിക്കുന്നവരും യേശുവിനുവേണ്ടി പ്രവർത്തിക്കുന്നവരും ദൈവീകശക്തിയുടെ പ്രതിഫലനം ഉൾക്കൊള്ളുന്നവരാകണമെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഇന്ന്

> "മംഗളവാർത്താ വേളയിൽ കന്യാമറിയത്തിൽ സംഭവിച്ചതും. വി. കുർബാനയുടെ അവസരത്തിൽ ഓരോ ബലിപീഠത്തിൽ സംഭവിക്കുന്നതും സമാനമായ കാര്യങ്ങളാണ്."

വി. കുർബാനയിലൂടെയാണ് നമ്മിലേക്ക് ദൈവികശക്തി പ്രവഹിക്കുന്നത്. വി. അപ്രേം പറുന്നു: ''മംഗളവാർത്താ വേളയിൽ കന്യാമറിയത്തിൽ സംഭവിച്ചതും. വി. കുർബാനയുടെ അവസരത്തിൽ ഓരോ ബലിപീഠത്തിൽ സംഭവിക്കുന്നതും സമാനമായ കാര്യങ്ങളാണ്.'' പരിശുദ്ധാത്മാവ് വന്ന് ആവസിച്ചപ്പോൾ ദിവ്യശിശു ജന്മമെടുത്തു. അതുപോലെ, ഓരോ വി. കുർബാനയിലും പരിശുദ്ധാത്മാവ് ബലിപീഠത്തിലെ അപ്പത്തിന്റെയും വീഞ്ഞിന്റെയുമേൽ ആവസിക്കുമ്പോൾ അവ ഈശോയുടെ ശരീരവും രക്തവുമായി മാറുന്നു. പരി. അമ്മയുടെ ഉദരത്തിൽ സംഭവിച്ച മനുഷ്യാവതരാത്തിന്റെ തുടർച്ചയിലുള്ള സജീവപങ്കാളിത്തം നമ്മെ ദൈവീകശക്തിയാൽ നിറയപ്പെട്ട വ്യക്തികളാക്കി തീർക്കും.

സുവിശേഷത്തിൽ ഒന്നും സംസാരിക്കാത്ത യൗസേപ്പിതാവിനെക്കുറിച്ച് സുവിശേഷം പറയുന്നത് യൗസേപ്പ് നീതിമാനായിരുന്നുവെന്നാണ്. പുതിയനിയമത്തിൽ നീതി ആദ്യം നടപ്പിലാക്കിയ വ്യക്തി യൗസേപ്പിതാവാണ്. യഹൂദ കാഴ്ചപ്പാടിൽ നീതിമൻ എന്ന് പറയുന്നത് മോശയുടെ നിയമം അണുവിട തെറ്റികാതെ അനുസരിക്കുന്നവനാണ്. മറിയത്തിന്റെ അതിസ്വഭാവിക ഗർഭധാരണം യൗസേപ്പിനെ ആത്മസംഘർഷത്തി ലാഴ്ത്തിയെങ്കിലും ഫരിസേയരുടെയും നിയമജ്ഞരുടെയും നിയമത്തിലധിഷ്ഠിതമായി നീതിയെ അതിലംഘിക്കുന്ന നീതി. അതായത് സ്നേഹത്തിന്റെ നിയമം യൗസേപ്പ് നടപ്പിലാക്കി. വിവാഹ വാഗ്ദാനത്തിനുശേഷം ഭർത്താവറിയാതെ ഗർഭിണിയാകുന്ന ഭാര്യയ്ക്ക് കൽപ്പിക്കപ്പെട്ടിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ച് നിയമാവർത്തനപുസ്തകം 22-ാം അധ്യായം 21-ാം വാക്യത്തിൽ നാം ഇപ്രകാരം കാണുന്നുണ്ട്, ''അവർ ആ യുവതിയെ അവളുടെ പിതൃഭവനത്തിന്റെ വാതിൽക്കൽ കൊണ്ടുപോകുകയും അവളുടെ നഗരത്തിലെ പുരുഷന്മാർ അവളെ കല്ലെറിഞ്ഞ് കൊല്ലുകയും ചെയ്യണം.'' യൗസേപ്പ് നിയമത്തിലധിഷ്ഠിതമായ നീതി മാത്രം നടപ്പാക്കുന്ന വ്യക്തിയായിരുന്നെങ്കിൽ മറിയത്തെ വേണമെങ്കിൽ മരണത്തിന് വിട്ടുകൊടുക്കാമായിരുന്നു. എന്നാൽ ദൈവത്തിന്റെ കാരുണ ഹൃദയം സ്വന്തമാക്കിയ യൗസേപ്പ് ദൈവിക വെളിപാടുകളെ അനുധാവനം ചെയ്തുകൊണ്ട് മറിയത്തോട് കാരുണ്യത്തോടും അനുകമ്പയോടും പെരുമാറി. അവളെ സമൂഹത്തിന്റെ മുമ്പിൽ അപഹാസ്യപ്പെടുത്താൻ ശ്രമിച്ചില്ലായെന്നത് യൗസേപ്പ് നടപ്പിലാക്കിയ നീതിയുടെ ശ്രേഷ്ഠത.

വി. ലൂക്കായുടെ സുവിശേഷത്തിൽ മറിയമാണ് ദൈവിക വെളിപാട് സ്വീകരിക്കുന്നതെങ്കിൽ. മത്തായിയുടെ സുവിശേഷത്തിൽ ദൈവിക വെളിപാടുകളുടെ സ്വീകർത്താവ് ജോസഫാണ്. 20-ാം വാക്യത്തിൽ എല്ലാം ഓർത്ത് വ്യസനിച്ചിരിക്കുന്ന ജോസഫിനോട് മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ നീ ശങ്കിക്കേണ്ടെന്ന് കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ വന്നു പറുന്നു. യൗസേപ്പിതാവിന് എല്ലാം സ്വപ്നത്തിൽ നൽകപ്പെടുന്നു. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ യൗസേപ്പിന് വലിയൊരു സ്ഥാനമുണ്ട്. 24-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു, ''ജോസഫ് നിദ്രയിൽ നിന്ന് ഉണർന്ന്, കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപോലെ പ്രവർത്തിച്ചു. വി. ലൂക്കായുടെ സുവിശേഷം 3-ാം അധ്യായം 35-ാം വാക്യത്തിൽ നാം കാണുന്നുണ്ട്.'' ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും, സഹോദരിയും അമ്മയുമെന്ന് ഈശോ പറഞ്ഞ യുഗാന്ത കുടുംബത്തിൽപ്പെട്ട യാളാണ് യൗസേപ്പ്. കാരണം, യൗസേപ്പ് ദൈവത്തിന്റെ ഹിതം സ്വന്തം ജീവിതത്തിൽ നിറവേറ്റി. തനിക്ക് സ്വപ്നത്തിലൂടെ വെളിവാക്കപ്പെട്ട ദൈവഹിതം സ്വന്തം ജീവിതത്തിൽ നിറവേറ്റിക്കൊണ്ട് ഈശോയുടെ പിതാവായി ത്തീർന്ന യൗസേപ്പിനെപ്പോലെ നമുക്കും ദൈവഹിതം ദൈവത്തോട് ആരായാനും അത്

നിറവേറ്റിക്കൊണ്ട് ഈശോയുടെ ഏറ്റവും അടുത്ത വ്യക്തിയുമായിത്തീരാൻ പരിശ്രമിക്കാം; അതിന് ദൈവഹിതത്തിന് നമുക്ക് കാതോർക്കാം.

ഏശയ്യാ പ്രവാചകന്റെ പുസ്തകം 7-ാം അധ്യായം 14-ാം വാക്യത്തിൽ നാം വായിക്കുന്നു, ''യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും.'' പ്രവചനത്തിന്റെ പൂർത്തീകരണമാണ് ഈശോയുടെ ജനനത്തിൽ നാം കാണുക. നമ്മോടൊത്ത് വസിക്കാൻ ദൈവം മനുഷ്യാവതാരം ചെയ്തു. പഴയനിയമത്തിൽ ദൈവം അഗ്നിസ്തംഭമായും മേഘത്തൂണായും തന്റെ സാന്നിധ്യം അറിയിച്ചു. ഇടിമുഴക്കത്തിലും ഭൂകമ്പത്തിലും കൊടുംങ്കാറ്റിലും ദൈവം സംസാരിച്ചു. എന്നാൽ യേശുവിൽ ദൈവം നമ്മിൽ ഒരുവനായി, മനുഷ്യനായി ഭൂമിയിൽ അവതരിച്ചു. അതും അപ്പത്തിന്റെ ഭവനം എന്നർത്ഥമുള്ള ബത്‌ലഹേമിൽ ഇമ്മാനുവേൽ ആയവൻ ഇന്നും നമ്മോടൊത്തുണ്ട്. ദിവ്യകാരുണ്യമെന്ന മഹാരഹസ്യത്തിൽ യുഗാന്തം വരെ എന്നും ഞാൻ നിന്നോടുകൂടെയുണ്ടാകും എന്ന ക്രിസ്തുവചനത്തിന്റെ പൂർത്തീകരണമാണ് നാം കാണുക. ജീവിതത്തിൽ ഉടനീളം ക്രിസ്തുവിന്റെ കൂടെയായിരിക്കുന്ന സാന്നിധ്യം അനുഭവിക്കുകയെന്നതാണ് വളരെ പ്രധാനപ്പെട്ട കാര്യം.

ഈ പുതുവത്സരത്തിൽ വചനം നമുക്ക് നൽകുന്ന ചിന്തകളെ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ജീവിതത്തെ ചിട്ടപ്പെടുത്താം. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവികശക്തി ജീവിതത്തിൽ പ്രതിഫലിപ്പിച്ചുകൊണ്ട് മറ്റുള്ളവരോട് സ്നേഹത്തിൽ അടിസ്ഥിതമായ നീതി പ്രവർത്തിക്കുന്നവരായി മാറാം. ദൈവഹിതം ജീവിതത്തിൽ നിറവേറ്റുകയെന്നതാണ് നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം. അതിന് കൂടെയായിരിക്കുന്ന ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിയാനും നമ്മെ സംബന്ധിക്കുന്ന ദൈവത്തിന്റെ ഹിതം ആരാഞ്ഞ് ജീവിതത്തെ ചിട്ടപ്പെടുത്താനും പരിശ്രമിക്കാം. അങ്ങനെ നമ്മുടെ ജീവിതത്തെ ദൈവത്തോട് കൂടുതൽ ചേർത്ത് വച്ചുകൊണ്ട് പുതുവർഷത്തിൽ പുതിയരു തുടക്കം കുറിക്കാം. അതിനുള്ള കൃപ ദൈവം നമുക്ക് ഓരോരുത്തർക്കും നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

